# എന്നാണ് നമ്മുടെ ജന്മദിനം?

ജന്മദിനം വളരെ കാര്യമായി ആഘോഷിക്കുന്ന രീതി ഇൻഡ്യയിൽ പൊതുവെയുണ്ട്. പുരാതന ഗ്രീക്കുകാർക്കും ബാബിലോണിയക്കാർക്കുമൊക്കെ അങ്ങനെ തന്നെയായിരുന്നു. ഒരു വ്യക്തിയുടെ സ്ഥാനവും അധികാരവും കൂടുന്നതനുസരിച്ച് അയാളുടെ ജന്മദിനാഘോഷത്തിന്റെ വ്യാപ്തിയും മോടിയും കൂടുന്നു. അത് അയാൾക്ക് ചുറ്റുമുള്ള സമൂഹത്തിന്റെ മുഴുവൻ ആഘോഷമായിത്തീരുന്നു. അങ്ങനെയാണ് രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും ജന്മദിനം അവരുടെ പ്രജകൾ ആഘോഷിച്ചു തുടങ്ങിയത്. അധികാരിയും വിധേയനും തമ്മിലുള്ള ബന്ധത്തിന്റെ അടിമച്ചുവ അത്തരം ജനകീയാഘോഷങ്ങൾക്കുണ്ട്. എന്നാൽ ജനായത്ത വ്യവസ്ഥ വന്നതോടെ അത് മാറിപ്പോയി. ഉദാഹരണമായി “വഞ്ചീശഭൂപതിയായ പൊന്നുതമ്പുരാന്റെ” ജന്മദിനം ഭയഭക്തി ബഹുമാനങ്ങളോടെ കൊണ്ടാടിയിരുന്ന തിരുവിതാംകൂർ ഇന്ന് മുഖ്യമന്ത്രി അച്യുതാനന്ദന്റെയോ പ്രധാനമന്ത്രി മൻമോഹൻ സിംഗിന്റെയോ ജന്മദിനം അറിയുന്നുപോലുമില്ല. സാധാരണഗതിയിൽ, വിവരമുള്ള രാഷ്ട്രനേതാക്കൾ തങ്ങളുടെ ജന്മദിനത്തെ സാമൂഹികാഘോഷമാക്കി മാറ്റാറുമില്ല.

ഗ്രീക്ക്-റോമൻ സംസ്കാരം അതിന്റെ ഉച്ചസ്ഥായിയിൽ നിന്നകാലത്താണ് ക്രിസ്തീയ സഭ ജനിക്കുന്നത്. ആദിമ നൂറ്റാണ്ടുകളിലെ ക്രിസ്തീയ പണ്ഡിതന്മാർ പലരും ഈ “പേഗൻ” സംസ്കാരത്തിൽ നിന്ന് വന്നവരോ അല്ലെങ്കിൽ അക്രൈസ്തവ ഗുരുക്കന്മാരിൽ നിന്ന് വിദ്യാഭ്യാസം നേടിയവരോ ആയിരുന്നു. അതുകൊണ്ട് സോക്രട്ടീസ്, പ്ളേറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയ മഹാ മനീഷികളോട് അവർക്ക് ആദരവും, അതേസമയം തന്നെ ക്രിസ്തീയ സുവിശേഷത്തിന്റെ വെളിച്ചത്തിൽ അവരുടെ ചില ദർശനങ്ങളോട് വിമർശനവും ഉണ്ടായിരുന്നു. ഫിലോസഫിയുടെ തലത്തിലായിരുന്നു ഈ ബന്ധം.

എന്നാൽ ഗ്രേക്കോ റോമൻ സംസ്കാരത്തിൽ, സാധാരണജനങ്ങളുടെ പല ആചാരങ്ങളെയും വിശ്വാസങ്ങളെയും പ്ളേറ്റോയെപ്പോലെയുള്ള ഗ്രീക്ക് ദാർശനികരും

ക്രിസ്തീയ സഭാപിതാക്കന്മാരും ചോദ്യം ചെയ്യുകയും നിരാകരിക്കുകയും ചെയ്തു. അതിൽപ്പെട്ടതാണ് ജന്മനക്ഷത്രം, ഗ്രഹനില, ജ്യോതിഷം, ജാതകം തുടങ്ങിയ കാര്യങ്ങൾ.

നക്ഷത്രങ്ങളും ഗ്രഹങ്ങളുമല്ല മനുഷ്യന്റെ ഭാഗധേയം നിർണ്ണയിക്കുന്നത്. അതുകൊണ്ട് അതിൽ അഗാധമായി വിശ്വസിക്കുന്നത് ക്രിസ്തീയ വിശ്വാസത്തിന് എതിരാണ് എന്നാണ് ക്രിസ്തീയ ഗുരുക്കന്മാർ പഠിപ്പിച്ചത്. ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യന് സ്വാതന്ത്ര്യവും വിശേഷബുദ്ധിയും നൽകിയിട്ടുണ്ട്. അവ ഉപയോഗിച്ച് മനുഷ്യന് തന്റെ ജീവിതത്തെ ക്രമീകരിക്കാനുള്ള കഴിവ് ഉണ്ട്. മനുഷ്യന്റെ സ്വതന്ത്രമായ ഇച്ഛയെ താഴ്ത്തിക്കെട്ടുന്ന 'വിധി' വിശ്വാസം ക്രിസ്തീയ മനുഷ്യദർശനത്തിന് ചേരുന്നതല്ല. നക്ഷത്രരാശികളും അവയുടെ പരിക്രമണങ്ങളുമാണ് മനുഷ്യന്റെ ഭാവി നിർണ്ണയിക്കുന്നതെങ്കിൽ, ദൈവം നൽകിയ സ്വാതന്ത്ര്യം എന്ന മഹാദാനത്തിന് അർത്ഥമില്ല എന്ന് സഭാപിതാക്കന്മാർ പഠിപ്പിച്ചു.

ഈ സ്വാതന്ത്ര്യം ഉപയോഗിച്ച് മനുഷ്യന് ദൈവവും ആയി സഹകരിക്കാനാവും. അങ്ങനെ ദൈവത്തിന്റെ പരിശുദ്ധാത്മാവുമായി മനുഷ്യൻ സ്വതന്ത്രമായി ചേർന്ന് സർഗ്ഗാത്മകമായി പ്രവർത്തിക്കുന്നതിനാണ് Synergia എന്ന് ഓർത്തഡോക്സ് പാരമ്പര്യത്തിൽ പറയുന്നത് (ഇപ്പോൾ Synergy എന്ന വാക്ക് ബിസിനസ്സ് സ്കൂളുകളിൽ ധാരാളം ഉപയോഗിക്കുന്ന ഒന്നാണ്. അതിന്റെ തുടക്കം പൗരസ്ത്യ ക്രിസ്തീയ വേദശാസ്ത്രത്തിലാണ്). ദൈവം തന്റെ സൃഷ്ടിപ്രക്രിയയിൽ മനുഷ്യനെ പങ്കാളിയാക്കുന്നു. അത് അടിമയായിട്ടോ ദാസൻ/ദാസി ആയിട്ടോ അല്ല, സ്വാതന്ത്ര്യം പൂർണ്ണ അളവിൽ ലഭിച്ചിരിക്കുന്ന വ്യക്തി ആയിട്ടാണ്. ഇവിടെ ഒരു തരത്തിൽ ദൈവത്തോട് സമത്വവും ദൈവതേജസ്സിൽ പൂർണ്ണപങ്കാളിത്തവും ദൈവം തന്റെ സൃഷ്ടിയായ മനുഷ്യന് നൽകുന്നു. കപ്പഡോഷ്യൻ പിതാക്കന്മാരിലും മറ്റും പ്രസിദ്ധമായിത്തീർന്ന ക്രിസ്തീയ ഹ്യൂമനിസത്തിന്റെ അടിസ്ഥാനം ഇതാണ്. ഈ സ്വാതന്ത്ര്യത്തെ നിഹനിക്കുന്ന എല്ലാ ജ്യോതിഷ വിശ്വാസങ്ങളെയും വിധി സിദ്ധാന്തങ്ങളെയും അവർ നിരാകരിച്ചു.

ജന്മദിനത്തിന് ജ്യോതിഷപരമായ പ്രാധാന്യം വരുന്നത് ഒരാളുടെ ജനനം ഇന്ന നക്ഷത്രത്തിലോ ഗ്രഹനിലയിലോ ആണെന്ന് കണക്കുകൂട്ടുന്നതുകൊണ്ടും, അത്തരം നക്ഷത്രരാശികളാണ് അയാളുടെ ഭാവിയെ നിർണ്ണയിക്കുന്നതെന്ന് വിശ്വസിക്കുന്നതുകൊണ്ടുമാണ്. പുരാതന ഗ്രീക്ക് - ബാബിലോണിയൻ ജ്യോതിഷ ചിന്തകൾ ഒരു വലിയ അളവുവരെ പിന്നീട് ഇല്ലാതായെങ്കിലും, ഇൻഡ്യയിൽ ഇന്നും അത് പ്രബലമാണ്. ധാരാളം ക്രിസ്ത്യാനികൾ ഉൾപ്പെടെയുള്ള ബഹുഭൂരിപക്ഷം ഭാരതീയരും ജ്യോതിഷാചാരങ്ങളിൽ വിശ്വാസം അർപ്പിക്കുന്നുമുണ്ട്. ജനനസമയമാണ്

പിൽക്കാലത്ത് സൗഭാഗ്യത്തിനോ നിർഭാഗ്യത്തിനോ മൂലകാരണം എന്ന് പലരും കരുതുന്നു.

ഒരു കുട്ടിയുടെ ജനനം സാധാരണഗതിയിൽ അതിന്റെ മാതാപിതാക്കൾക്കും കുടുംബത്തിനും നൽകുന്ന സന്തോഷം അനിർവചനീയമാണ്. ആ ജന്മദിനത്തിന്റെ വാർഷികങ്ങളും സന്തോഷപ്രദമാക്കാൻ ആളുകൾ ശ്രമിക്കുന്നു. ഇയ്യോബിനെപ്പോലെ സ്വന്തം ജന്മദിനത്തെ ശപിക്കേണ്ടി വരുന്ന അനുഭവം ഉണ്ടാകാതെ, ആ ദിവസത്തെ അനുഗ്രഹിക്കാൻ കഴിയുന്ന ദൈവകൃപ വലുതാണ്. അതുകൊണ്ട് ജന്മദിനത്തെ ഓർക്കുകയും ദൈവസന്നിധിയിൽ പുതിയ സമർപ്പണം നടത്തുകയും ചെയ്യുന്നത് അതിൽത്തന്നെ അർത്ഥവത്താണ്. എന്നാൽ അതിനെ ജ്യോതിഷാചാരങ്ങളുമായി ബന്ധപ്പെടുത്തുന്നതും, അതിരുകവിഞ്ഞ ആഘോഷപ്രകടനങ്ങൾ നടത്തുന്നതും അതിന്റെ അർത്ഥത്തെ ശോഷീകരിക്കുന്നു.

ക്രിസ്തീയസഭ ഇക്കാര്യത്തിൽ പരമ്പരാഗതമായി സ്വീകരിച്ചിട്ടുള്ള ചില നിലപാടുകൾ സൂചിപ്പിക്കട്ടെ.

1. ആദ്യത്തെ ജനനത്തേക്കാൾ വിശിഷ്ടമായത് രണ്ടാം ജനനം (വീണ്ടും ജനനം) ആണ്. ആദ്യത്തേത് ശാരീരിക ജനനമാണ്. എല്ലാ മൃഗങ്ങളെയും പക്ഷികളെയും പോലെ തന്നെയാണ്, ശരീരത്തിന്റെ ചോദനയിൽ നിന്ന് മനുഷ്യനും ജനിക്കുന്നത്. ശരീരശാസ്ത്രപരമായ ആ ജനനത്തിന് ഇതര ജീവികളുടേതിൽ നിന്ന് വ്യത്യാസം കൽപ്പിക്കാൻ പ്രയാസമാണ്. ആ ജനനത്തിന്റെ അന്ത്യം മരണവും നാശവുമാണ്. എല്ലാ ജീവികൾക്കും മനുഷ്യനും അങ്ങനെതന്നെ. ഒരാൾ മനുഷ്യക്കുഞ്ഞായി ജനിച്ചതുകൊണ്ടുമാത്രം മനുഷ്യത്വം പ്രാപിക്കുന്നില്ല. മനുഷ്യത്വവും അതിന്റെ മഹത്വവും മൂല്യങ്ങളും തിരിച്ചറിയാതെ മരിക്കുന്ന ധാരാളം “മനുഷ്യർ” നമുക്കു ചുറ്റുമുണ്ട്.

2. രണ്ടാം ജനനം വെള്ളത്തിൽ നിന്നും പരിശുദ്ധാത്മാവിൽ നിന്നുമാണ്. ദൈവത്തിന്റെ ക്രിസ്തു (അഭിഷിക്തൻ) അഥവാ മിശിഹാ ആയി യേശുക്രിസ്തുവിൽ, പരിശുദ്ധാത്മാവിനാൽ അഭിഷേകം (Chrismation) ചെയ്യപ്പെട്ട് നാം ക്രിസ്തുസദൃശ്യരായി അഥവാ ക്രിസ്ത്യാനികളായി മാറുന്നു. മാമോദീസായിൽ നമുക്ക് ലഭിക്കുന്ന ആദ്യത്തെ പേരും ‘ക്രിസ്തു” (അഭിഷിക്തൻ) എന്നുതന്നെ. ഈ വീണ്ടുംജനനം മനുഷ്യർക്ക് മാത്രമേ സാദ്ധ്യമാവുകയുള്ളൂ. ആദ്യത്തെ ശാരീരികജനനത്തിൽ നമുക്ക് ലഭിക്കുന്ന ദൈവസാദൃശ്യം (Image of God) പൂർണ്ണമായി സാക്ഷാത്ക്കരിക്കപ്പെടുന്നത്, ദൈവത്തിന്റെ സമ്പൂർണ്ണ സാദൃശ്യമായ ക്രിസ്തുവിനോട് നാം അനുരൂപപ്പെടുമ്പോഴാണ്. ഈ അനുരൂപീകരണം ആരംഭിക്കുന്നത് മാമോദീസായിലാണ്. ആദാം ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടെങ്കിലും പിന്നീട് പാപം ചെയ്തു വീണുപോയി.

ഇതാണ് ആദ്യജനനത്തിന്റെ സന്ദിഗ്ധതയും നിസ്സഹായതയും. എന്നാൽ രണ്ടാമത്തെ ആദാമായ ക്രിസ്തുവിൽ നാം വീണ്ടും യഥാർത്ഥമായ ദൈവ സാദൃശ്യം പ്രാപിക്കുന്നു.

ആദ്യത്തെ ജനനം മരണത്തിലേക്കും ദ്രവത്വത്തിലേക്കുമാണ് നയിക്കുന്നതെങ്കിൽ, രണ്ടാമത്തെ ജനനം നിത്യജീവനിലേക്കും അദ്രവത്വത്തിലേക്കുമാണ്. മനുഷ്യത്വം അതിന്റെ പൂർണ്ണതയിലെത്തുന്നത് വീണ്ടുംജനനത്തിലൂടെയാണ്.

3. മേൽപ്പറഞ്ഞ കാരണങ്ങൾകൊണ്ട്, ക്രിസ്ത്യാനികൾ ശരിക്കും ഓർക്കേണ്ടതു ആദ്യജനനമല്ല, രണ്ടാം ജനനമാണ്. അവർ ആഘോഷിക്കേണ്ടത് "നാമഹേതുകപ്പെരുന്നാളാ"ണ്, ജന്മദിനമല്ല. അതായത് മാമോദീസായിൽ ഏതൊരു വിശുദ്ധന്റെയോ ശുദ്ധിമതിയുടെയോ പേരാണോ ക്രിസ്ത്യാനിയായ എനിക്ക് ലഭിച്ചത്, ആ വിശുദ്ധ വ്യക്തിയുടെ നിര്യാണപ്പെരുന്നാളാണ് എന്റെ നാമഹേതുകപ്പെരുന്നാൾ. ഇത് എന്നെ സംബന്ധിച്ച് വീണ്ടും ജനനത്തിന്റെ പെരുന്നാളാണ്. ആ വിശുദ്ധ വ്യക്തിയുടെ നിത്യജീവനിലേക്കുള്ള ജനനമാണ്, എന്റെയും യഥാർത്ഥ ജന്മദിനം എന്നു വരുന്നു. അന്നേദിവസം, ഞാൻ വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കയും ആ വിശുദ്ധന്റെ/ശുദ്ധിമതിയുടെ മാതൃക അനുസ്മരിച്ച്, എന്നെത്തന്നെ ദൈവസന്നിധിയിൽ പുനഃസമർപ്പിക്കയും വേണം. ഇത് മറ്റുള്ളവർ അറിയണമെന്നോ ബാഹ്യമായി ആഘോഷിക്കണമെന്നോ, നിർബന്ധമില്ലെങ്കിലും, മറ്റുള്ളവരെ അറിയിച്ച്, പ്രാർത്ഥിക്കാൻ ആവശ്യപ്പെടുന്നത് ഉചിതമാണ്. പല സന്യാസസമൂഹങ്ങളിലും നല്ല ക്രിസ്തീയ പാരമ്പര്യം അനുഷ്ഠിക്കുന്ന കുടുംബങ്ങളിലും ഇങ്ങനെ ചെയ്യാറുണ്ട്.

4. പ. കന്യകമറിയാം ഉൾപ്പെടെ ഏതെങ്കിലുമൊരു വിശുദ്ധന്റെയോ ശുദ്ധിമതിയുടെയോ ജന്മദിനം ഓർത്തഡോക്സ് പാരമ്പര്യത്തിൽ അനുഷ്ഠിക്കാറില്ല. മറിച്ച്, അവരുടെ മരണദിനമാണ് നാം ആഘോഷിക്കുന്നത്. പ. കന്യകമറിയാമിന്റെ ജനനപ്പെരുന്നാളും അതിനു മുൻപുള്ള എട്ടു നോമ്പും, പാശ്ചാത്യ പാരമ്പര്യത്തിൽ നിന്നു വന്നതാണ്. അതുകൊണ്ട് ഇപ്പോഴും ഓർത്തഡോക്സ് സുറിയാനി പാരമ്പര്യത്തിൽ അത് നിർബന്ധിത കാനോനിക നോമ്പായോ പെരുന്നാളായോ കരുതപ്പെടുന്നില്ല. അതിന്റെ ജനപ്രിയ സ്വഭാവം കൈമുതലാക്കി പല പള്ളികളിലും അത് കൊണ്ടാടപ്പെടുന്നു എന്നത് വാസ്തവമാണ്. എന്നാൽ കന്യകമറിയാമിന്റെ നിര്യാണപ്പെരുന്നാളായ വാങ്ങിപ്പ് (ശൂനോയോ) നാളും അതിനു മുൻപുള്ള പതിനഞ്ചുനോമ്പും നാം കാനോനികമായിത്തന്നെ ആചരിക്കുന്നു.

വിശുദ്ധരുടെ ജനനത്തെ പരിഗണിക്കാതെ മരണത്തെ ആഘോഷിക്കുന്നതിന്റെ അടിസ്ഥാനം നമുക്കു വ്യക്തമാണ്. ഈ ലോകജീവിതം അവസാനിപ്പിക്കുമ്പോഴാണ് നമുക്ക് അതിനെ വിലയിരുത്താൻ കഴിയുന്നത്.

വിശുദ്ധരും സഹദേന്മാരും "നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു" എന്ന് ധൈര്യമായിട്ടു നമുക്കു അപ്പോൾ പറയാം. അതുകൊണ്ട് അവർക്ക് "നീതിയുടെ കിരീടം" ലഭിക്കുമെന്നും അവർ മരണത്തെ വിട്ടു നിത്യജീവനിലേക്ക് ജനിച്ചിരിക്കുന്നു എന്നും നമുക്ക് അറിയാം. ഇതൊരു വിജയമാണ്. ലോകത്തിന്മേലും, മരണത്തിനും നാശത്തിനും വിധേയമായ ആയുസ്സിന്മേലുമുള്ള വിജയം. ഈ വിജയത്തെയാണ് നാം പെരുന്നാളാക്കി ആഘോഷിക്കുന്നത്.

ഈ തത്വം വിശുദ്ധന്മാർക്ക് മാത്രമല്ല സാധാരണ വിശ്വാസികൾക്കും ബാധകമാണ്. അതുകൊണ്ടാണല്ലോ നാം നമ്മുടെ പൂർവ്വികരുടെ ചരമ ദിനത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കയും ധൂപപ്രാർത്ഥന നടത്തുകയും ചെയ്യുന്നത്. മരിച്ചുപോയവരുടെ ജന്മദിനം നാം സാധാരണഗതിയിൽ ആഘോഷിക്കാറുമില്ല (എന്നാൽ ഇപ്പോൾ, കുഞ്ഞുങ്ങളുടെ ജന്മദിനം അമിത ആർഭാടത്തോടെ പലരും ആഘോഷിക്കയും മരിച്ചുപോയ മാതാ പിതാക്കളെ ഓർക്കാൻ വിട്ടുപോവുകയും ചെയ്യുന്ന രീതി പല സ്ഥലങ്ങ ളിലും കാണുന്നുണ്ട്).

5. ശാരീരികജനനം ആത്മികസമരത്തിന്റെ ആരംഭബിന്ദു മാത്രമാണ്. പൗലോസ് അപ്പോസ്തോലന്റെ തന്നെ ഉപമ ഉപയോഗിച്ചാൽ മത്സരത്തിൽ ഓടാൻ ഒരുങ്ങിനിൽക്കുന്നവരെയല്ല നാം അഭിനന്ദിക്കുന്നത്, ഓട്ടം വിജ യകരമായി പൂർത്തീകരിച്ചവരെയാണ്. തുടക്കക്കാരെ നാം അനുഗ്രഹി ക്കയും അവർക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്യുന്നു. പക്ഷേ തുടക്കത്തെ നാം ആഘോഷിക്കാറില്ല. വൈദികരുടെയും മെത്രാന്മാരുടെയും ശുശ്രൂ ഷയെ സംബന്ധിച്ചും ഇത് ബാധകമാണ്. പട്ടമേൽക്കുന്ന ഒരാൾക്കുവേണ്ടി തുടക്കത്തിൽ നാം പ്രാർത്ഥിക്കയും അദ്ദേഹത്തെ അനുഗ്രഹിക്കയും ചെയ്യുന്നു. പക്ഷേ, ഒരു പട്ടക്കാരനോ മേൽപട്ടക്കാരനോ മരിക്കുമ്പോഴാണ്, തന്റെ ശുശ്രൂഷ ഭംഗിയായി നിർവ്വഹിച്ചോ എന്ന് വിലയിരുത്തുന്നത്. തുടക്കം ആർഭാടപൂർണ്ണവും ഒടുക്കം നിരാശാപൂർണ്ണവുമാകുന്ന ശുശ്രൂഷ നമുക്കുണ്ടാവാതിരിക്കാനുള്ള പ്രാർത്ഥനയാണ് വേണ്ടത്.

പഴയ ഫ്യൂഡൽ വ്യവസ്ഥിതിയുടെ അനുകരണമെന്നോണം, സഭയുടെ ഇടയന്മാർ ആഡംബരത്തോടെ ജന്മദിനം ആഘോഷിക്കുന്നത് മുകളിൽ പറഞ്ഞ വേദശാസ്ത്ര കാരണങ്ങളുടെ വെളിച്ചത്തിൽ പുനർവിചിന്തനം ചെയ്യേണ്ടതാണ്. നമ്മുടെ സെക്കുലർ സമൂഹത്തിൽ, ജനങ്ങളാൽ തിര ഞ്ഞെടുക്കപ്പെടുന്ന വിവരമുള്ള രാഷ്ട്രനേതാക്കൾ, അങ്ങനെയുള്ള പഴയ ജന്മി മാതൃകകൾ ഉപേക്ഷിച്ചിട്ട് കാലമേറെയായി. അവർക്ക് മുൻപിൽ നിന്ന് ഉത്തമ മാതൃക നൽകാൻ ക്രിസ്തീയ സഭയ്ക്ക് സാധിച്ചില്ലെങ്കിലും, അവ രുടെ നല്ല മാതൃകകളെ സഭകളിൽ നാം പിൻപറ്റുന്നത് ഉചിതമായിരിക്കും.

യേശുക്രിസ്തുവിന്റെ ജനനപ്പെരുന്നാൾ നാം ആഘോഷിക്കുന്നു

ണ്ടല്ലോ എന്നു ചോദിക്കാം. പക്ഷേ, അത് താരതമ്യ വിധേയമല്ല. വാസ്തവത്തിൽ, യേശുവിന്റെ ജന്മദിനം (ക്രിസ്മസ്) നാലാം നൂറ്റാണ്ടോടുകൂടിയാണ് പൗരസ്ത്യസഭയിൽ പെരുന്നാളാകുന്നത്. ഇപ്പോഴും അർമ്മീനിയൻ ഓർത്തഡോക്സ് പാരമ്പര്യത്തിൽ ക്രിസ്സ്മസ്സ് ഇല്ല. പൗരസ്ത്യസഭയിൽ ഉയിർപ്പുപെരുനാൾ കഴിഞ്ഞാൽ അടുത്ത പ്രാധാന്യം ക്രിസ്തുവിന്റെ മാമോദീസായായ ദനഹാ പെരുന്നാളിനാണ്. ഈ മാമോദീസാ പെരുനാളിലാണ് നാം കർത്താവിന്റെ ജനനം, വിദ്വാന്മാരുടെ വരവ് തുടങ്ങിയ സംഭവങ്ങൾ ഓർത്തുകൊണ്ടിരുന്നത്. വചനിപ്പു മുതൽ, ഉയിർപ്പു വരെയുള്ള മനുഷ്യാവതാര രഹസ്യത്തെ സത്യത്തിൽ ഒരൊറ്റ സംഭവമായിട്ടാണ് സഭ കാണുന്നതും പഠിപ്പിക്കുന്നതും. കന്യകമറിയാമിൽ നിന്നുള്ള ജനനം ആ സംഭവ സമുച്ചയത്തിലെ ഒരു കണ്ണിയാണ്.

യേശുവിന്റെ ജനനം സാക്ഷാത്ക്കരിക്കപ്പെടുന്നത് ലോകരക്ഷയ്ക്കു വേണ്ടിയുള്ള തന്റെ കുരിശുമരണത്തിലും ഉയിർപ്പിലുമാണ്. മിശിഹാ എന്ന നിലയിൽ തന്റെ ദൗത്യത്തെ പരാജയപ്പെടുത്താൻ ആദിയോടന്തം പരീക്ഷകൻ ശ്രമിക്കുന്നുണ്ട്. മണലാരണ്യത്തിൽ ഉപവസിച്ച കർത്താവിനുണ്ടായ പരീക്ഷകളും ഗത്സമനയിലും കുരിശിലും വച്ചുണ്ടായ ചിന്തകളും ഇത് വ്യക്തമാക്കുന്നുണ്ട്. അവയെ എല്ലാം അതിജീവിച്ചാണ് നസ്രായനായ യേശു തന്റെ രക്ഷാകരമായ ദൗത്യം പൂർത്തീകരിക്കുന്നത്. മനുഷ്യാവതാരം (Incarnation) എന്നാൽ ജനനം മാത്രമല്ല, മനുഷ്യരക്ഷയ്ക്കു വേണ്ടി ജനനമുൾപ്പെടെയുള്ള സകല “മനുഷ്യാവതാര വ്യാപാരവും” (Economy of Incarnation) ഒരുമിച്ചാണ് നാം കാണേണ്ടത്.

ഇൻഡ്യയിൽ 60 വയസ്സു തികയുമ്പോൾ ഷഷ്ഠിപൂർത്തി ആഘോഷിക്കാറുണ്ട്. മനുഷ്യായുസ്സ് 120 വയസ്സാണെന്നുള്ള പുരാതന ധാരണയുടെ അടിസ്ഥാനത്തിൽ, ആയുസ്സിന്റെ പകുതി തികച്ചു എന്നതാണ് ഷഷ്ഠിപൂർത്തിയുടെ ഒരു പ്രമുഖ വ്യാഖ്യാനം. അതുപോലെ ഏതാണ്ട് 84 വയസ്സാകുമ്പോൾ ആയിരം പൂർണ്ണചന്ദ്രനെ ദർശിച്ചു എന്ന ധാരണയിൽ ശതാഭിഷേകവും നടത്താറുണ്ട്. ഇവയിൽ ചില നല്ല അർത്ഥങ്ങളുണ്ട്. മറ്റൊരു തരത്തിൽ ചിന്തിച്ചാൽ, ഒരു ആയുഷ്ധർമ്മം ഏതാണ്ട് പൂർത്തിയാക്കാനുള്ള പ്രായമാണ് 60. അതുമുതൽ പിന്നെ വരുന്നതൊക്കെ ബോണസ്സാണ്. അക്കാലത്തും സ്വധർമ്മ നിർവ്വഹണത്തിൽ വ്യാപൃതരായിരിക്കുന്നവർ സമൂഹത്തിന് മാതൃകയും പ്രചോദനവും നൽകുന്ന “സീനിയർ” വ്യക്തികളെന്ന നിലയിൽ അവരെ ബഹുമാനിക്കുന്നതുകൊണ്ട് സമൂഹം ബഹുമാനിക്കപ്പെടുകയാണ്. സാക്ഷാത്കൃതമായ ഒരു ജീവിതത്തിന്റെ അന്ത്യപാദത്തിലാണ് അവരെ നാം ആദരിക്കുന്നത്, തുടക്കത്തിലല്ല.

**(കെ. എം. ജി.)**